A

# സമഗ്ര ശിക്ഷാ കേരളം

605

## ആത്യന്തിക വിലയിരുത്തൽ I 2026-2027

### സാമൂഹ്യശാസ്ത്രം

ക്ലാസ്: 6

സമയം: 2 മണിക്കൂർ 15 മിനിറ്റ്

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.

1 ആദിമ മനുഷ്യർ രൂപം കൊണ്ടത് ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുൻപാണ്.

a) ആദിമ മനുഷ്യരുടെ സവിശേഷതകളും വിഭാഗങ്ങളും താഴെ കൊടുത്തിരിക്കുന്നു. അവയെ ശരിയായ രീതിയിൽ ക്രമപ്പെടുത്തുക.

| സവിശേഷതകൾ | വിഭാഗങ്ങൾ |
|---|---|
| സസ്തനികളിൽ ഒരു വിഭാഗം | ഹോമോ സാപ്പിയൻസ് |
| ഇരുകാലിൽ നടത്തം | ഹോമോ ഹാബിലിസ് |
| ഉപകരണ നിർമ്മാതാക്കൾ | പ്രൈമേറ്റുകൾ |
| ബുദ്ധിയുള്ള മനുഷ്യർ | ഹോമിനിഡുകൾ |

b) മനുഷ്യരുടെ ഉദ്ഭവത്തെക്കുറിച്ച് ശാസ്ത്രീയമായ കാഴ്ചപ്പാട് മുന്നോട്ടുവച്ച വ്യക്തി ആര്?

രണ്ടാമത്തെ ചോദ്യത്തിന് **2(A)**, **2(B)** എന്നീ ഭാഗങ്ങൾ ഉണ്ട്. **2(A)**, **2(B)** എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായും എഴുതിയാൽ മതിയാകും.

**2(A)** മനുഷ്യസംസ്കാരം രൂപപ്പെട്ടത് നദീതീരങ്ങളിൽ ആണ്.

a) തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ മെസൊപ്പൊട്ടേമിയൻ സംസ്കാരത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

സൂചന

1. നദി
2. ലിപി
3. വ്യത്യസ്ത സംസ്കാരങ്ങൾ
4. സംഭാവനകൾ

b) നൽകിയിരിക്കുന്ന പ്രസ്താവനയും കാരണവും പരിശോധിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

പ്രസ്താവന : ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്.

കാരണം : ചരിത്ര സ്മാരകങ്ങൾ പഴയ കാലത്തെക്കുറിച്ചുള്ള അറിവുകൾ നൽകുന്നവയാണ്. അതുകൊണ്ട് അവ സംരക്ഷിക്കപ്പെടണം.

A. പ്രസ്താവനയും കാരണവും ശരി.
B. പ്രസ്താവന ശരി, കാരണം തെറ്റ്
C. പ്രസ്താവനയും കാരണവും തെറ്റ്.
D. പ്രസ്താവന തെറ്റ്, കാരണം ശരി

അല്ലെങ്കിൽ

**2(B)** നൈലിന്റെ ദാനം എന്നാണ് ഈജിപ്തിനെ വിശേഷിപ്പിക്കുന്നത്.

a) ഈജിപ്ഷ്യൻ സംസ്കാരത്തെക്കുറിച്ച് നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കുക.

1. നദി
2. ശാസ്ത്രനേട്ടങ്ങൾ
3. ജീവിതരീതി
4. ലിപി

b) നൽകിയിരിക്കുന്നവയിൽ ഈജിപ്ഷ്യൻ സംസ്കാരവുമായി ബന്ധമില്ലാത്ത പദം ഏത്?

A. ഫറവോ
B. പിരമിഡ്
C. മമ്മി
D. സിഗുറാത്തുകൾ

**3** വൈവിധ്യമാർന്ന സംസ്കാരവും ഭാഷയും പാരമ്പര്യവും ഒത്തുചേർന്നതായിരുന്നു ആദ്യകാല സാമ്രാജ്യങ്ങൾ.

a) നൽകിയിരിക്കുന്ന പട്ടിക ശരിയായി ക്രമീകരിച്ചിരിക്കുന്നത് കണ്ടെത്തി എഴുതുക.

| | |
|---|---|
| 1. ഗ്രീസ് | a. സത്രപി |
| 2. പേർഷ്യൻ ഭരണസംവിധാനം | b. പോളിസ് |
| 3. റോമൻ ചക്രവർത്തി | c. മഹാജനപദങ്ങൾ |
| 4. ഇന്ത്യ | d. പ്രിൻസിപ്പേറ്റ് |

A. 1-b, 2-a, 3-d, 4-c
B. 1-c, 2-a, 3-d, 4-b
C. 1-d, 2-b, 3-c, 4-a
D. 1-a, 2-c, 3-b, 4-d


b) നൽകിയിരിക്കുന്ന സൂചനകളിൽ നിന്നും ജൈനമതം, ബുദ്ധമതം എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി പട്ടിക പൂർത്തീകരിക്കുക.

| |
|---|
| എല്ലാ വസ്തുക്കൾക്കും ജീവനുണ്ട്, സത്യസന്ധത പുലർത്തുക, അന്യരുടെ സ്വത്ത് ആഗ്രഹിക്കാതിരിക്കുക. ത്രിരത്നങ്ങൾ അനുഷ്ഠിക്കുക. |

| ജൈനമതം | ബുദ്ധമതം |
|---|---|
| 1. | 1. |
| 2 | 2 |

4 ഭൂമിയുടെ യഥാർഥ മാതൃകയാണ് ഗ്ലോബ്.

a) പ്രധാനപ്പെട്ട അക്ഷാംശരേഖകളുടെ പട്ടിക പൂർത്തിയാക്കുക.




| അക്ഷാംശരേഖകൾ | ഡിഗ്രി അളവ് |
|---|---|
| ഭൂമധ്യരേഖ | $0^0$ |
| ഉത്തരായണരേഖ | (1) .................................... |
| (2) .................................... | $23½^0$ തെക്ക് |
| ആർട്ടിക് വൃത്തം | (3) .................................... |
| (4) .................................... | $66 ½^0$ തെക്ക് |

b) ധ്രുവങ്ങളിൽ അല്പം പരന്നും മധ്യഭാഗം അല്പം തള്ളിയും കാണപ്പെടുന്ന ഭൂമിയുടെ ആകൃതി ഏത് പേരിൽ അറിയപ്പെടുന്നു?

5 ജനാധിപത്യത്തിന്റെ ആദ്യരൂപം ഉടലെടുത്തത് ഗ്രീക്ക് നഗരരാഷ്ട്രമായ ഏതൻസിലാണ്.

a) ഏതൻസിൽ ഉടലെടുത്ത ജനാധിപത്യത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

b) ഗ്രീക്ക് തത്വചിന്തകരായ പ്ലേറ്റോയെയും അരിസ്റ്റോട്ടിലിനെയും സംബന്ധിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏവ?

1. പ്ലേറ്റോ അക്കാദമി എന്ന പഠനകേന്ദ്രം സ്ഥാപിച്ചു.
2. പ്ലേറ്റോയുടെ പ്രധാന കൃതിയാണ് 'പൊളിറ്റിക്സ്'
3. അരിസ്റ്റോട്ടിൽ പ്ലേറ്റോയുടെ അക്കാദമിയിലെ വിദ്യാർഥിയായിരുന്നു.

A. 1, 2 ശരി B. 1, 3 ശരി

C. 2, 3 ശരി D. എല്ലാം ശരി

**ആറാമത്തെ ചോദ്യത്തിന് 6(A), 6(B) എന്നീ ഭാഗങ്ങൾ ഉണ്ട്. 6(A), 6(B) എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായും എഴുതിയാൽ മതിയാകും.**

**6(A) ബി.സി.ഇ ആറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ നിലനിന്നിരുന്ന പതിനാറ് മഹാജനപദങ്ങളിൽ പ്രബലശക്തിയായിരുന്നു മഗധ.**

a) ഒരു മഹാജനപദം എന്ന നിലയിൽ മഗധയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ വളർച്ചയ്ക്ക് സഹായിച്ച ഘടകങ്ങൾ വിശദീകരിക്കുക.

b) നൽകിയിരിക്കുന്ന പ്രസ്താവനയും കാരണവും ശരിയാണോ?

പ്രസ്താവന :- മഗധയുടെ വളർച്ചയ്ക്ക് സഹായകമായ പ്രധാന ഘടകം ചില നദികളുടെ സാമീപ്യമാണ്.

കാരണം :- ഗംഗയുടെയും പോഷക നദികളുടെയും സാമീപ്യമാണ് വളർച്ചയ്ക്ക് കാരണം.

A. പ്രസ്താവനയും കാരണവും ശരി B. പ്രസ്താവന ശരി കാരണം തെറ്റ്

C. പ്രസ്താവനയും കാരണവും തെറ്റ് D. പ്രസ്താവന തെറ്റ് കാരണം ശരി

അല്ലെങ്കിൽ

**6(B) ഒരു രാഷ്ട്രത്തിലെ ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ ഗവൺമെന്റ് വലിയ പങ്കാണ് വഹിക്കുന്നത്.**

a) ഗവൺമെന്റിന്റെ പ്രധാന ചുമതലകൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

b) നൽകിയിരിക്കുന്നവയിൽ രാഷ്ട്രത്തിന്റെ ഘടകങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

A. ജനസംഖ്യ B. ഭൂപ്രദേശം

C. ഏകാധിപത്യം D. പരമാധികാരം